പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 95 — 04.02.2019 ൽ മറുപടിക്ക്

## റെയിൽവേ പാതയിരട്ടിപ്പും സിഗ്നലിംഗ് സംവിധാനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, പി.വി. അൻവർ<br>,, പി.കെ. ശശി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റെയിൽവേ സിഗ്നലിംഗ് സംവിധാനം നവീകരിക്കുന്നതിനും പാതയിരട്ടിപ്പ് പൂർത്തിയാക്കി യാത്രാവേഗത ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ റയിൽവെ പദ്ധതികളുടെ പുരോഗതിയ്ക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ഇതിലേക്കായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ഇന്ത്യൻ റെയിൽവെ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനും റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും, കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം തുടങ്ങിയവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവെ മന്ത്രിക്കും, സംസ്ഥാനത്തിന്റെ റെയിൽവെ വകുപ്പ മന്ത്രി കേന്ദ്ര റെയിൽവെ വകുപ്പ മന്ത്രിക്കും, ഇത് സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. |
| (ബി) സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിലും ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കുന്നതിലും റെയിൽവേ കാണിക്കുന്ന താല്പര്യമില്ലായ്മ അവസാനിപ്പിക്കുവാൻ എപ്രകാരം ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹു. മുഖ്യമന്ത്രിയും, റെയിൽവെയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവെ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച് ബി (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ |

ടോയ്-ലറ്റുകൾ ഉള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

| | | |
|---|---|---|
| (സി) | മനുഷ്യാവകാശ കമ്മീഷന്റെ പോലും ഇടപെടലിനിടയാക്കുന്ന തരത്തിലുള്ള കൃത്യനിഷ്ഠയില്ലായ്മ പരിഹരിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുമോ; | (സി) യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ടുന്ന സമയമായി പുന:ക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിരിക്കുന്നത്. അറ്റകുറ്റപണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞാണ് ഇത്തരത്തിലൊരു സമീപനം റെയിൽവെ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടാതെ ഇത്തരത്തിൽ അശാസ്ത്രീയവും തെറ്റിദ്ധാരണാജനകവുമായ സമയക്രമ നിർണ്ണയം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി 14.06.2018 നും റെയിൽവെയുടെ ചുമതലയുള്ള മന്ത്രി 24.06.2018 നും കേന്ദ്ര റെയിൽവെ മന്ത്രി ശ്രീ. പീയൂഷ് ഗോയലിന് കത്തുകൾ അയച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഏതെങ്കിലും റെയിൽവേ സ്റ്റേഷൻ ലോക നിലവാരത്തിലേക്കുയർത്താൻ റെയിൽവേ ഉദ്ദേശിക്കുന്നതായി അറിയാമോ; നിലവിൽ സംസ്ഥാനത്തെ ഏതെങ്കിലും സ്റ്റേഷൻ ലോക നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) പി.പി.പി മോഡൽ വഴിയായി രാജ്യത്തെ റെയിൽവെ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവെ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവെ ആവശ്യപ്പെട്ടത് അനുസരിച്ച് കോഴിക്കോട് റെയിൽവെ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി കോഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്നേഴ്സിനെയും തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവെ സ്റ്റേഷൻ വികസനം വിവിധ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവെ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ